Prepp
Your Personal Exams Guide

# UGC NET PAPER 2 JANUARY 22, 2017 SHIFT 1 MALAYALAM QUESTION PAPER

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

**കുറിപ്പ് :** ഈ ചോദ്യക്കടലാസ്സിൽ **അമ്പത് (50)** ഒബ്ജക്ടീവ് ടൈപ്പ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട് (2)** മാർക്ക് വീതം. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** ഭാഷോല്പത്തി ചർച്ചയിൽ മിശ്രജന്യവാദം അവതരിപ്പിച്ചത്

(1) എ. ആർ. രാജരാജവർമ്മ
(2) കോവുണ്ണി നെടുങ്ങാടി
(3) ഇളംകുളം കുഞ്ഞൻപിള്ള
(4) കെ.എം. പ്രഭാകരവാര്യർ

**2.** പി. ശങ്കരൻ നമ്പ്യാരുടെ ഘട്ട വിഭജന ക്രമം ഏത് ?

(1) പ്രാചീന മലയാളം, മദ്ധ്യ മലയാളം, ആധുനിക മലയാളം
(2) കരിന്തമിഴുകാലം, പഴയ മലയാളകാലം, മദ്ധ്യ മലയാളകാലം, നവീന മലയാളകാലം
(3) കരിന്തമിഴുകാലം, മലയാളകാലം, മലയാണ്മക്കാലം
(4) പരതന്ത്ര ഘട്ടം, സംക്രമണ ഘട്ടം, സ്വതന്ത്ര ഘട്ടം

**3.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | മലയാളം ആദി ദ്രാവിഡത്തിന്റെ സ്വതന്ത്ര ശാഖ | i. | കെ. ഉണ്ണിക്കിടാവ് |
| b. | മലയാളം സംസ്കൃത ജന്യം | ii. | സി. എൽ. ആന്റണി |
| c. | മലയാളം ഭാഷാസംക്രമണത്തിലൂടെ | iii. | ഇളംകുളം |
| d. | ചെന്തമിഴ് സംസ്കൃതത്തോടു ചേർന്ന് മലയാളം രൂപപ്പെട്ടു | iv. | ശേഷഗിരിപ്രഭു |
| | | v. | വടക്കുംകൂർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iii | iv | i |
| (2) | iv | v | ii | iii |
| (3) | iii | ii | i | iv |
| (4) | i | iv | v | ii |

4. ലീലാതിലകം ആദ്യം പ്രസിദ്ധീകൃതമായത് ഏത് മാസികയിലാണ് ?
   (1) ഭാഷാപോഷിണി (2) കവനകൗമുദി
   (3) മംഗളോദയം (4) രസികരഞ്ജിനി

5. പാട്ടിന്റെ ശരിയായ ലക്ഷണം ഏത് ?
   (1) ദ്രമിഡസംഘാതാക്ഷര നിബദ്ധമെതുകമോന വൃത്ത വിശേഷയുക്തം പാട്ട്
   (2) ദ്രമിഡ സംഘാചാക്ഷരം എതുകമോനവൃത്ത വിശേഷയുക്തം പാട്ട്
   (3) ദ്രമിഡ സംഘാക്ഷരംമോനയെതുക വൃത്ത വിശേഷയുക്തം പാട്ട്
   (4) ദ്രമിഡസംഘാതം എതുകമോനവൃത്തവിശേഷയുക്തം പാട്ട്

6. ലീലാതിലകത്തിൽ പാട്ടിന്റെ ലക്ഷണം വിശദീകരിച്ച ഘട്ടത്തിൽ പറയാതിരുന്നത്
   (1) പാണ്ഡ്യഭാഷാസാരൂപ്യമുള്ള പദങ്ങൾ പാട്ടിൽ വരാം
   (2) ചെയ്യുൾ വികാരം സംഭവിച്ച പദങ്ങൾ പാട്ടിൽ വരാം
   (3) ഒരു പാട്ടിലെ അവസാനപദം കൊണ്ട് അടുത്ത പാട്ട് ആരംഭിക്കുന്ന രീതി
   (4) ആരിയച്ചിതവു രൂപങ്ങൾ പാട്ടിൽ വരാം

7. ലീലാതിലകത്തിലെ കൂന്തൽവാദത്തിന്റെ പൊരുൾ
   (1) മണിപ്രവാളത്തിൽ സംസ്കൃത പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞു
   (2) തമിഴ് ഭാഷാപദ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞു
   (3) കേരളഭാഷയും വിഭക്ത്യന്ത സംസ്കൃതവും തമ്മിലുള്ള യോഗമേ മണിപ്രവാളമാകൂ എന്ന സിദ്ധാന്തകഥനം
   (4) മണിപ്രവാളത്തിൽ കന്നഡ ഭാഷാപദങ്ങളുടെ യോഗമുണ്ടെന്ന് സിദ്ധാന്തിച്ചു

8. രാമചരിതം വ്യഖ്യാനിക്കാത്തത്
   (1) ഇളംകുളം കുഞ്ഞൻപിള്ള (2) പി.വി. കൃഷ്ണൻ നായർ
   (3) ആനന്ദക്കുട്ടൻ (4) കുഞ്ചുണ്ണി രാജാ

9. "ഇന്ദ്രോപേന്ദ്ര ക്ഷപിത ദിതിജോപദ്രവാ മദ്യമന്യേ
   നാണിയ്ക്കിന്റോളമരനഗരീം നാമമാത്രാവശേഷാം" –
   ഉണ്ണുനീലി സന്ദേശത്തിലെ ഈ പ്രസ്താവം ഏതു നഗരത്തെക്കുറിച്ചാണ് ?
   (1) കൊല്ലം (2) തിരുവനന്തപുരം
   (3) കായംകുളം (4) കോഴിക്കോട്

10. കണ്ടർമേനോൻ പാട്ട്, കണിയാംകുളത്തു പോര് എന്നിവ ഏതു വിഭാഗത്തിൽ പെടുന്നു ?
   (1) ചാവേർ പാട്ട്, തെക്കൻ പാട്ട് (2) വർഗ്ഗപരപ്പാട്ട്, വടക്കൻപാട്ട്
   (3) തൊഴിൽപരപ്പാട്ട്, വടക്കൻപാട്ട് (4) വിനോദപരപ്പാട്ട്, വടക്കൻപാട്ട്

**11.** ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | അവിട്ടത്തൂർ ശാസനം | i. | ക്രി.വ. 849 |
| b. | തിരുവമ്പാടി ശാസനം | ii. | ക്രി.വ. 1008 |
| c. | തിരുനെല്ലിപ്പട്ടയം | iii. | ക്രി.വ. 937 |
| d. | തരിസാപ്പള്ളി ചെപ്പേട് | iv. | ക്രി.വ. 1184 |
| | | v. | ക്രി.വ. 1005 |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | iv | ii | i |
| (2) | ii | iii | i | iv |
| (3) | i | ii | iii | iv |
| (4) | iv | i | iii | ii |

**12.** "ഏഴു കടലപ്പുറത്തിലിരുമ്പറൈക്കുള്ളിരുന്താലും

എമരാജദൂതൻ വന്താലില്ലെയെൻ്റാൽ വിടുവാരോ ?"

ഈ വരികൾ ഏതു പാട്ടിൽനിന്ന് ?

(1) തച്ചോളിപ്പാട്ട്
(2) ഇരവിക്കുട്ടിപ്പിള്ളപ്പോര്
(3) അഞ്ചുതമ്പുരാൻ പാട്ട്
(4) കുഞ്ചുത്തമ്പിക്കഥ

**13.** **കാര്യം :** തമിഴിലെ കിളിവിടുത്തിൽ നിന്ന് മലയാളത്തിലെ കിളിപ്പാട്ട് വ്യത്യസ്തമാണ്.

**കാരണം :** a. തമിഴിലെ കിളിവിടുത്തിൽ കിളി ശ്രോതാവും കിളിപ്പാട്ടിൽ കിളിവക്താവുമാണ്.

b. തമിഴിലെ 'കിളിവിടു'ത്തിൽ കിളിയുടെ സാന്നിധ്യമില്ല, കിളിപ്പാട്ടിൽ അതുണ്ട്.

(1) കാര്യവും കാരണങ്ങളും ശരി.

(2) കാര്യവും കാരണം (a) യും ശരി.

(3) കാര്യവും കാരണം (b) യും ശരി.

(4) കാര്യം ശരി, കാരണങ്ങൾ തെറ്റ്.

**14.** താഴെപ്പറയുന്ന ഈരടികൾ ഏതേതു കൃതിയിൽ നിന്ന് ?

(a) സ്തനിതം കേട്ട ചാതകങ്ങളെപ്പോലെ
മനസി സമ്മോദം കലർന്നു മേവിനാർ

(b) ഓടിത്തുടങ്ങിനാർ മേഘത്തിൻ നാദം കേ-
ട്ടീടിനചാതകജാലം പോലെ

(1) (a) ഭാരതം കിളിപ്പാട്ട്, (b) കൃഷ്ണഗാഥ

(2) (a) കൃഷ്ണഗാഥ (b) ഭാരതഗാഥ

(3) (a) കൃഷ്ണഗാഥ (b) ഭാഗവതം കിളിപ്പാട്ട്

(4) (a) ഭാരതം കിളിപ്പാട്ട്, (b) ഭാരതമാല

**15.** നളചരിത കഥാപാത്രങ്ങളുടെ ശരിയായ ഗണം ഏത് ?

(1) നാരദൻ, സുദേവൻ, ജീവലൻ, വാർഷ്ണേയൻ

(2) നാരദൻ, പർണ്ണാദൻ, മാഗധൻ, ഋതുപർണ്ണൻ

(3) അഗ്നി, യമൻ, കലി, ശിശുപാലൻ

(4) പുഷ്കരൻ, ഋതുപർണ്ണൻ, വിശ്വാമിത്രൻ, കലി

**16.** കഥകളിയിൽ ബാലി, ബകൻ എന്നിവരുടെ വേഷം ഏതാണ് ?

(1) കത്തി (2) ചുവന്നതാടി

(3) പച്ച (4) കരി

**17.** **കാര്യം** : തുള്ളൽ നാടോടി കാവ്യ പാരമ്പര്യ ശാഖയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നു.

**കാരണം :** a. നാടോടി കാവ്യപാരമ്പര്യത്തിന്റെ ലാളിത്യവും വിവരണാത്മകതയും തുള്ളലിലുണ്ട്.

b. നാടോടി കാവ്യപാരമ്പര്യത്തിലേതുപോലെ തുള്ളലും പുരാണ ഇതിഹാസ ഇതിവൃത്തങ്ങളാണ് സ്വീകരിച്ചത്.

(1) കാര്യം ശരി, കാരണം a മാത്രം ശരി.

(2) കാര്യം ശരി, കാരണം b മാത്രം ശരി.

(3) കാര്യം ശരി, കാരണങ്ങൾ രണ്ടും ശരി.

(4) കാര്യം ശരി, കാരണങ്ങൾ രണ്ടും തെറ്റ്.

**18.** വർത്തമാനപ്പുസ്തകം അക്കാലത്തെ ഇതര ഗദ്യ കൃതികളിൽനിന്ന് വ്യത്യസ്തമാണ്.

(a) പ്രമേയം യാത്രാ വിവരണം

(b) വികാരഭരിതമായ ഭാഷ

(c) അന്യാപദേശസ്വഭാവമുള്ള ഉള്ളടക്കം

(d) ഭാരതീയ പുരാണേതിഹാസങ്ങളിൽ നിന്നുള്ള വ്യാപകമായ ഉദ്ധരണം.

(1) (a) യും (b) യും (c) യും ശരി (2) (a) യും (b) യും ശരി.

(3) (a) യും (c) യും ശരി. (4) (a) യും (d) യും ശരി.

Prepp Your Personal Exams Guide

**19.** ക്ലമന്റ് പിയാനിയൂസ് തയ്യാറാക്കിയ മലയാളം ലിപി മാലയിലെ ലിപികളുടെ എണ്ണം

(1) 502 (2) 90

(3) 1128 (4) 51

**20.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. സ്നേഹമാണഖിലസാരമൂഴിയിൽ | i. ലീല |
| b. സ്നേഹിക്കയുണ്ണീ നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും | ii. പ്രരോദനം |
| c. സ്നേഹത്തെക്കരുതി സ്വയം കഴികിൽ നൂറാവർത്തി ചത്തീടുവിൻ | iii. ചണ്ഡാല ഭിക്ഷുകി |
| d. സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം സ്നേഹത്താൽ വൃദ്ധി തേടുന്നു | iv. വിചിത്ര വിജയം |
| | v. നളിനി |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | iv | ii | iii |
| (2) | iv | ii | i | v |
| (3) | i | iv | iii | ii |
| (4) | iii | ii | v | i |

**21.** മലയാളത്തിലെ ആദ്യത്തെ വൈദ്യശാസ്ത്ര മാസിക

(1) വൈദ്യരത്നം (2) ധന്വന്തരി

(3) അഷ്ടാംഗരത്നം (4) ആയുർവേദ ചിന്ത

**22.** മലയാള കവിതയുടെ അഭിജാത പാരമ്പര്യത്തെ വെണ്മണിക്കവിത വെല്ലുവിളിച്ചു എന്നു പറയുന്നതിനുള്ള കാരണം.

(a) കാവ്യഭാഷയെയും സംഭാഷണ ഭാഷയെയും കൂടുതൽ അടുപ്പിച്ചു.

(b) പ്രമേയത്തെ ലളിതമായി ആവിഷ്ക്കരിച്ചു.

(c) സംസ്കൃതപദങ്ങളുടെ ധാരാളിത്തമുണ്ടെങ്കിലും എല്ലാ രചനകളും ദ്രാവിഡ വൃത്തത്തിൽ ആക്കാൻ ശ്രമിച്ചു.

(1) (a) മാത്രം ശരി (2) (a) യും (b) യും ശരി

(3) (a) യും (c) യും ശരി (4) (b) മാത്രം ശരി

Prepp
Your Personal Exams Guide

**23.** ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | അഷ്ടമിയാത്ര | i. | വെണ്മണി അച്ഛൻ |
| b. | കാശിയാത്ര | ii. | നടുവത്തച്ഛൻ |
| c. | രാമേശ്വരയാത്ര | iii. | ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ |
| d. | കുംഭകോണയാത്ര | iv. | കാത്തുള്ളി അച്യുത മേനോൻ |
| | | v. | പാലിയത്ത് കുഞ്ഞുണ്ണി അച്ചൻ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | v | iii | ii |
| (2) | v | i | iv | ii |
| (3) | iii | ii | iv | v |
| (4) | ii | v | i | iii |

**24.** വള്ളത്തോളിനെ 'പിക'മായും ഉള്ളൂരിനെ 'അരയന്ന'മായും ജി.യെ 'പൊന്മാ'നായും ചിത്രീകരിക്കുന്ന കവി പക്ഷിമാലയുടെ രചയിതാവ്

(1) കെ.സി. നാരായണൻ നമ്പ്യാർ (2) മൂലൂർ

(3) കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ് (4) പന്തളത്തു കേരളവർമ്മ

**25.** ചേരുംപടി ചേർക്കുക.

| പട്ടിക – I | | പട്ടിക – II | |
|---|---|---|---|
| a. | വസന്തതിലകം | i. | ലീല |
| b. | രഥോദ്ധത | ii. | പ്രരോദനം |
| c. | വിയോഗിനി | iii. | വീണപൂവ് |
| d. | ശാർദ്ദൂലവിക്രീഡിതം | iv. | നളിനി |
| | | v. | ചിന്താവിഷ്ടയായ സീത |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | i | iii | ii | iv |
| (2) | iv | ii | v | iii |
| (3) | iii | i | v | iv |
| (4) | iii | iv | v | ii |

Prepp Your Personal Exam Guide

26. "ഒരു രാജ്യം നിങ്ങൾക്കൊരു ഭാഷ നിങ്ങൾ
ക്കൊരു ദേവൻ നിങ്ങൾക്കൊരു സമുദായം"
ഏതു കവിതയിലാണ് ഈ വരികൾ ?

(1) സ്വാതന്ത്ര്യഗാഥ (2) ഒരു ഉദ്ബോധനം
(3) ഗ്രാമവൃക്ഷത്തിലെ കുയിൽ (4) പ്രഭാത നക്ഷത്രം

27. കഥകളി നടന്മാരുടെ മാനസിക വിക്ഷോഭം ആവിഷ്ക്കരിക്കുന്ന കവിതകൾ എഴുതിയ കവികൾ

(1) പി. കുഞ്ഞിരാമൻ നായർ, ഇടശ്ശേരി
(2) പി. കുഞ്ഞിരാമൻ നായർ, പി. ഭാസ്കരൻ
(3) പി. കുഞ്ഞിരാമൻ നായർ, വയലാർ
(4) പി. കുഞ്ഞിരാമൻ നായർ, സുഗതകുമാരി

28. **കാര്യം** : വയലാർ, പി. ഭാസ്കരൻ, ഒ.എൻ.വി. എന്നിവരിൽ ഒ.എൻ.വി. വേറിട്ട വ്യക്തിത്വം പുലർത്തുന്നു.

**കാരണം** : (a) ദാർശനികാവിഷ്ക്കാരത്തിന്റെ കാര്യത്തിൽ ഒ.എൻ.വി. കവിത കൂടുതൽ ദൃഢമാണ്.

(b) സംസ്കൃത സാഹിത്യബന്ധം ഒ.എൻ.വി. കവിതയെ അതീവ ഗഹനമാക്കി.

(c) ഭാവഗീതഘടന ഒ.എൻ.വി രചനകളിൽ ബലമുള്ളതാണ്.

(1) കാര്യം ശരി, കാരണം (a) മാത്രം ശരി.
(2) കാര്യം ശരി, കാരണം (a) ഉം (c) ഉം ശരി.
(3) കാര്യം ശരി, കാരണം (a) ഉം (a) ഉം ശരി.
(4) കാര്യം ശരി, കാരണം മൂന്നും ശരി.

29. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. ആരൂഢം | i. അനിതാതമ്പി |
| b. കടൽപച്ച | ii. ബിന്ദുകൃഷ്ണൻ |
| c. മുറ്റമടിക്കുമ്പോൾ | iii. ആശാലത |
| d. ദൈവത്തിന്റെ സ്വന്തം | iv. കവിതാബാലകൃഷ്ണൻ |
| | v. കണിമോൾ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | i | iii | ii |
| (2) | iv | v | i | iii |
| (3) | v | i | ii | iv |
| (4) | v | iii | i | ii |

**30.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. സമനില | i. പി. രാമൻ |
| b. തോർച്ച | ii. അൻവർ അലി |
| c. തോരാമഴ | iii. കെ.ആർ. ടോണി |
| d. മഴക്കാലം | iv. മോഹനകൃഷ്ണൻ കാലടി |
| | v. റഫീക് അഹമ്മദ് |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iv | v | i | ii |
| (2) | iii | iv | v | ii |
| (3) | iii | v | ii | iv |
| (4) | i | iv | v | iii |

**31.** ഷേക്സ്പിയറുടെ സിംബലിൻ എന്ന നാടകത്തിന്റെ കഥാതന്തുവിനെ ഉപജീവിച്ച് മലയാളത്തിൽ എഴുതപ്പെട്ട കൃതി

(1) കാമാക്ഷീചരിതം
(2) ആൾമാറാട്ടം
(3) പെരിക്ലിസ് രാജാവിന്റെ കഥ
(4) കുന്ദലത

**32.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. ഇന്ത്യാ വിഭജനത്തെത്തുടർന്നുണ്ടായ വർഗ്ഗീയ ലഹള മുഖ്യപ്രതിപാദ്യം | i. നാടൻ പ്രേമം |
| b. നിർമ്മലകളായ ഗ്രാമകന്യകളെ കളങ്കപ്പെടുത്തുന്ന തന്ത്രശാലികളായ നഗര കുമാരന്മാരോടുള്ള പ്രതിഷേധം | ii. അരനാഴികനേരം |
| c. ബോധധാരാസങ്കേതത്തിലൂടെ അവതരിപ്പിച്ച ഒരു വയോവൃദ്ധന്റെ കഥ | iii. ഭ്രാന്താലയം |
| d. തിരുവിതാംകൂറിൽ, പല തലമുറകളിലൂടെ മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ വന്ന പരിണാമം | iv. യന്ത്രം |
| | v. കയർ |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | iii | i | ii | v |
| (2) | iii | v | iv | ii |
| (3) | i | iii | ii | v |
| (4) | v | i | iv | ii |

33. കോവിലന്റെ നോവലുകളുടെ ശരിയായ കാലക്രമം

(1) എ മൈനസ് ബി - ഹിമാലയം - താഴ്‌വരകൾ - ഏഴാമെടങ്ങൾ

(2) താഴ്‌വരകൾ - ഹിമാലയം - എ മൈനസ് ബി - ഏഴാമെടങ്ങൾ

(3) ഏഴാമെടങ്ങൾ - എ മൈനസ് ബി - താഴ്‌വരകൾ - ഹിമാലയം

(4) ഹിമാലയം - താഴ്‌വരകൾ - ഏഴാമെടങ്ങൾ - എ മൈനസ് ബി

34. "ഇതു കഥയല്ല, കവിതയല്ല, നിരൂപണമല്ല, കഴിഞ്ഞുപോയ ജീവിതകാലത്തിന്റെ സ്മരണകൾക്കിടയിൽ നിന്നു പെറുക്കിയെടുത്ത ചില നുറുങ്ങുകൾ മാത്രം." ഈ പ്രസ്താവം ആരുടെ ?

(1) ലളിതാംബിക അന്തർജ്ജനം (2) മാധവിക്കുട്ടി

(3) റേച്ചൽ തോമസ് (4) ആനി തയ്യിൽ

35. മദ്രാസ് സർവ്വകലാശാലയിൽ നിന്നും ആദ്യമായി എം.ലിറ്റും, പിഎച്ച്ഡിയും ലഭിച്ചവർ

(1) ഭദ്രമ്മയും എസ്.കെ. നായരും

(2) ചേലനാട്ട് അച്യുതമേനോനും ശിരോമണികൃഷ്ണൻ നായരും

(3) കെ.എ. കലാവതിയും ഇ.കെ. പുരുഷോത്തമനും

(4) ഭദ്രമ്മയും കെ.എം. പ്രഭാകരവാരിയരും

36. വിമർശന ഗ്രന്ഥങ്ങളുടെ മാത്രം ഉൾപ്പെടുന്ന ഗണം

(1) ദൈവനീതിയ്ക്കു ദാക്ഷിണ്യമില്ല, മാനദണ്ഡം, ജീവിതത്തിന്റെ പുസ്തകം

(2) പ്രയാണം, ദൈവത്തിന്റെ വികൃതികൾ, ദന്തഗോപുരത്തിലേയ്ക്കു വീണ്ടും

(3) രാജാങ്കണം, നിണമണിഞ്ഞ കാല്പാടുകൾ, ഛത്രവും ചാമരവും

(4) അന്ധനായ ദൈവം, മരുഭൂമികൾ പൂക്കുമ്പോൾ, അപ്പുവിന്റെ അന്വേഷണം

37. "കേരളം വ്യവസായാനന്തര സമൂഹമായി വികാസം പ്രാപിച്ചിട്ടില്ലാത്തതിനാൽ ഇവിടെ ഉത്തരാധുനികതയോ ഉത്തരാധുനികം എന്നു വിശേഷിപ്പിക്കാവുന്ന സാഹിത്യ കൃതികളോ ഇല്ല." – ഈ നിരീക്ഷണം ആരുടെ ?

(1) കെ.പി. അപ്പൻ (2) സി.ബി. സുധാകരൻ

(3) വി.സി. ശ്രീജൻ (4) പി. പവിത്രൻ

38. മദിരാശി പശ്ചാത്തലമായ കഥകളുടെമാത്രം ഗണം.

(1) വാസനാവികൃതി, രതീഭായി, കല്യാണിക്കുട്ടി

(2) മദിരാശിപ്പിത്തലാട്ടം, ആരാന്റെകുട്ടി, ഉളിപിടിച്ച കൈ

(3) ദ്വാരക, കയ്മളശ്ശന്റെ കല്യാണം, ജാനു

(4) ഞാനും എന്റെ പേടിയും, കടലിൽ പോയ കനകം, ഒരു മുതലനായാട്ട്

**39.** ചേരുംപടി ചേർക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| a. രണ്ടു സ്വപ്നദർശികൾ | i. കെ. ആർ. മീര |
| b. നൃത്തശാല | ii. രേഖ. കെ. |
| c. ആവേമരിയ | iii. സിതാര |
| d. കന്യകയും പുല്ലിംഗവും | iv. ചന്ദ്രമതി |
| | v. ഗ്രേസി |

**കോഡുകൾ :**

| | a | b | c | d |
|---|---|---|---|---|
| (1) | v | i | iv | iii |
| (2) | v | iii | i | ii |
| (3) | iii | i | iv | v |
| (4) | i | iv | ii | iii |

**40.** ആദ്യമായി പുസ്തക രൂപത്തിൽ പുറത്തുവന്ന ഉപന്യാസ സമാഹാരം

(1) ചിരിയും ചിന്തയും - ഇ.വി. കൃഷ്ണപിള്ള

(2) മൂർക്കോത്തു കുമാരന്റെ കുതിരമഹായോഗം

(3) ആർ. ഈശ്വരപിള്ളയുടെ ചിന്താസന്താനം

(4) കൊച്ചി രാമവർമ്മ അപ്പൻ തമ്പുരാൻ പ്രസാധനം ചെയ്ത ഗദ്യമാലിക

**41.** സമകാല ചെറുകഥയിലെ പ്രധാനപ്പെട്ട ഉത്തരാധുനിക പ്രവണതകൾ

(a) ഫെമിനിസവും ദളിതവബോധവും മാത്രം

(b) മാധ്യമാവബോധവും സാംസ്കാരികാധിനിവേശത്തെകുറിച്ചുള്ള ഉത്കണ്ഠകളും മാത്രം

(c) ഭാവത്തേക്കാൾ രൂപത്തിനു നൽകുന്ന പ്രാധാന്യം

(d) ഫെമിനിസവും ദളിതവബോധവും മാധ്യമാവബോധവും സാംസ്കാരികാധിനിവേശത്തെകുറിച്ചുള്ള ഉത്കണ്ഠകളും

(1) (a) മാത്രം ശരി

(2) (b) യും (c) യും മാത്രം ശരി

(3) (d) പൂർണ്ണമായും ശരി

(4) (c) മാത്രം ശരി

**42.** കാവാലം നാടകങ്ങളുടെ വ്യതിരിക്തതയ്ക്ക് അടിസ്ഥാനം

(a) തൗര്യത്രികത്തിന്റെ സമർത്ഥമായ ഉപയോഗ സാദ്ധ്യതകൾ

(b) കേരളീയ ദൃശ്യപാരമ്പര്യങ്ങളുടെ സമന്വയം

(c) മെലോഡ്രാമാറ്റിക് ശൈലി

(d) എപ്പിക് ശൈലി

(1) (a) യും (c) യും ശരി

(2) (a) യും (d) യും ശരി

(3) (a) യും (b) യും ശരി

(4) (c) യും (d) യും ശരി

**43.** ചവിട്ടുനാടകം അല്ലാത്തത്

(1) ദാവീദ് വിജയം (2) കോമള ചന്ദ്രിക

(3) സദാരാമ (4) ജ്ഞാനസുന്ദരി

**44.** **കാര്യം** : വിനോദത്തിന്റെ പ്രച്ഛന്ന വേഷത്തിൽ സിനിമ ബഹുഭൂരിപക്ഷത്തിനു നൽകുന്നത് വിചിത്രമായ ഒരു മൂല്യശിക്ഷണമാണ്.

**കാരണം** : a. അത്തരം സിനിമകൾ പ്രേക്ഷകനിൽ നിന്ന് നിരുപാധികമായ വിധേയത്വം ആവശ്യപ്പെടുന്നു.

b. വിനോദം ലക്ഷ്യവും മാർഗ്ഗവും ആകുമ്പോൾ മൂല്യ സങ്കല്പനത്തിനു പ്രസക്തിയില്ല.

c. സിനിമ കച്ചവടം കൂടിയായതുകൊണ്ട് അതിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുകയാണ് പ്രധാനം.

(1) കാര്യം ശരി, കാരണം a മാത്രം ശരി.

(2) കാര്യം ശരി, കാരണം b മാത്രം ശരി.

(3) കാര്യം ശരി, കാരണം a യും c യും ശരി.

(4) കാര്യം ശരി, കാരണം a, b, c എന്നിവ ശരി.

**45.** "രാജശിക്ഷ അനുഭവിച്ചിട്ടുള്ളവരിൽ എന്നെപ്പോലെ ഭാഗ്യഹീനന്മാരായി മറ്റാരും ഉണ്ടാവില്ല" എന്ന ആത്മകഥാപരമായ പ്രസ്താവനയിൽ തുടങ്ങുന്ന ആദ്യകാല കഥ

(1) കയ്മളശ്ശന്റെ കല്യാണം

(2) വിധവയുടെ വിധി

(3) എന്റെ കോഴിക്കോട് യാത്ര

(4) വാസനാ വികൃതി

താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് തുടർന്ന് വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഔദ്യോഗിക മാർക്സിസത്തിന്റെ പ്രകടമായ പരിമിതികളിലൊന്ന് അതിനു സ്വന്തമായ മനഃശാസ്ത്രമില്ല എന്നതാണെന്ന് ഫ്രാങ്ക്ഫുർട്ട് ചിന്തകർ ആദ്യമേ മനസ്സിലാക്കിയിരുന്നു. മാർക്സിസത്തിലെ 'ബോധം', 'പ്രത്യയശാസ്ത്രം', 'തലതിരിയൽ', 'പ്രതിഫലനം' തുടങ്ങിയ സങ്കല്പങ്ങൾ മനഃശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നവയാണെങ്കിലും ഒരു സാമൂഹ്യ മനഃശാസ്ത്രത്തിന്റെ സാധ്യതകളെപ്പറ്റി ആദിമമാർക്സിസം ആലോചിച്ചതേയില്ല. എന്നാൽ, ഒരു സമൂഹം അതിന്റെ വിശ്വാസങ്ങളും മൂല്യങ്ങളും പ്രത്യാശകളും രൂപപ്പെടുത്തുന്നത് എങ്ങനെയെന്നു മനസ്സിലാക്കാൻ അതിന് പറ്റിയ ഒരു മനഃശാസ്ത്രം വികസിപ്പിക്കേണ്ടതാണെന്ന് ഫ്രാങ്ക്ഫുർട്ട് ചിന്തകർ തിരിച്ചറിഞ്ഞു. അതേപോലെ വിപ്ലവബോധം, പിന്തിരിപ്പൻ സ്വഭാവം തുടങ്ങിയവ രൂപം കൊള്ളുന്നതെങ്ങനെ എന്നു കണ്ടുപിടിക്കാനും മനഃശാസ്ത്രം സഹായിക്കുമെന്ന് അവർ പ്രത്യാശിച്ചു. ജന്മംകൊണ്ട് മുതലാളിയായി ഒരാൾ എങ്ങനെ മാർക്സിസ്റ്റ് വിപ്ലവകാരിയായി മാറുന്നു എന്ന കുഴഞ്ഞ പ്രശ്നത്തിന് ഉത്തരം നൽകാൻ ഒരു പക്ഷേ, ഇത്തരമൊരു സാമൂഹ്യ മനഃശാസ്ത്രത്തിനു കഴിഞ്ഞെന്നിരിക്കും. ജർമ്മനിയിൽ അന്ന് പടർന്നുപിടിക്കാൻ തുടങ്ങിയിരുന്ന ഫാസിസത്തെ സംബന്ധിച്ച ഗവേഷണങ്ങളിൽ മനഃശാസ്ത്രതത്വം പ്രയോഗിക്കുവാൻ ഫ്രാങ്കിഫുർട്ട് ചിന്തകർ തീരുമാനിച്ചു. 'മനോവിശകലനം' എന്ന പേരിൽ അറിയപ്പെടുന്ന, സിഗ്മുണ്ട് ഫ്രോയിഡിന്റെ മനഃശാസ്ത്ര സിദ്ധാന്തങ്ങളെ മാർക്സിസവുമായി കൂട്ടിയിണക്കാനായിരുന്നു അവരുടെ ശ്രമം. ഇങ്ങനെ മാർക്സിസവും മനോവിശകലനവും ചേർന്ന 'ഫ്രോയിഡിയൻ മാർക്സിസം' എന്ന സമീപനം ഉരുത്തിരിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിലെ മനഃശാസ്ത്ര വിദഗ്ധനായിരുന്ന എറിഹ് ഫ്രൊം ആയിരുന്നു ഈ സമീപനത്തിന്റെ ശില്പി. ഹോർഖ് ഹൈമർ, അഡോർണൊ, മാർക്കുസെ, ലോവെൻതാൽ തുടങ്ങിയവരും ഇതേ സമീപനം സ്വീകരിച്ചു. മനഃശാസ്ത്രപഠനത്തിന്റെ ഭാഗമായി ലോവെൻതാലും ഹോർഖ്ഹൈമറും സ്വയമേവ മനോവിശകലനത്തിനു വിധേയരാവുകയുണ്ടായി. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മനസ്സിലാക്കാൻ വേണ്ടിയാണ് ഫ്രാങ്ക്ഫുർട്ട് ചിന്തകർ മാർക്സിസത്തെയും ഫ്രോയിഡിന്റെ മനോവിശകലനത്തെയും കൂട്ടിയിണക്കാൻ ശ്രമിച്ചത്.

വ്യക്തിയെ കേന്ദ്രമാക്കുന്ന മനോവിശകലനവും സമൂഹത്തെ കേന്ദ്രമാക്കുന്ന മാർക്സിസവും തമ്മിൽ ഒറ്റനോട്ടത്തിൽ വ്യത്യാസങ്ങൾ മാത്രമേ കാണാനാവൂ. എന്നിരിക്കിലും സൂക്ഷ്മമായ തലത്തിൽ രണ്ടും തമ്മിൽ പൊരുത്തങ്ങളുണ്ട് എന്നാണ് ഫ്രൊമിന്റെ അഭിപ്രായം. വ്യക്തിയുടെ മനഃശാസ്ത്രം തന്നെയാണ് സമൂഹത്തിന്റെ മനഃശാസ്ത്രവുമെന്ന ഫ്രൊയിഡിന്റെ ആശയം മാർക്സിസ്റ്റ് സാമൂഹ്യശാസ്ത്രവുമായി ഒത്തു പോവുമെന്ന് ഫ്രൊം പറയുന്നു. ഒരു വ്യക്തിയും അന്യരും തമ്മിലുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ വേണം ആ വ്യക്തിയെ മനസ്സിലാക്കാനെന്ന ഫ്രൊയിഡിയൻ ധാരണയും മാർക്സിസവുമായി പൊരുത്തപ്പെട്ടുപോവുമെന്ന് ഫ്രൊം വിചാരിക്കുന്നു. വാസനകളുടെയും ചോദനകളുടെയും ആവശ്യങ്ങളുടെയും പദാവലിയിൽ മനുഷ്യന്റെ പെരുമാറ്റത്തെ വിശകലനം ചെയ്യുന്നു എന്നത് മനോവിശകലനത്തിന്റെ ഭൗതികമായ സ്വഭാവത്തിന്റെ സൂചനയായിട്ടാണ് ഫ്രൊം മനസ്സിലാക്കുന്നത്. ജന്മസിദ്ധമായ വാസനാഘടനയിൽ സവിശേഷമായ ജീവിതാനുഭവങ്ങൾക്കുള്ള സ്വാധീനത്തെപ്പറ്റി മനോവിശകലനം പഠിക്കുന്നതിനെ 'ചരിത്രപര'മെന്നു വിശേഷിപ്പിക്കാമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. വ്യക്തിയുടെ ശൈശവ ജീവിതത്തിന്റെ പഠനം ചരിത്രപരമാണല്ലോ. ജീവിത ചരിത്രത്തിലൂടെ വാസനാഘടനയെ പഠിക്കുന്നതും ചരിത്രപരം തന്നെ. ഇങ്ങനെയൊക്കെയാണെങ്കിലും തന്റെ പഠനങ്ങളിൽ ഫ്രൊയിഡ് ജനതയുടെ സാമൂഹ്യമായ അസ്തിത്വത്തെ വിശദീകരിക്കുകയുണ്ടായില്ല എന്ന വാസ്തവം ഫ്രൊം മറക്കുന്നില്ല.

Prepp
Your Personal Exams Guide

ജന്മസിദ്ധമായ ചോദനകളെന്ന ജൈവമായ ഉപകരണത്തെ സാമൂഹ്യമായ യാഥാർത്ഥ്യവുമായി സംയോജിപ്പിക്കുന്നു എന്നതാണ് മനോവിശകലനത്തിൻെറ മുഖ്യതത്ത്വം. ഈ സംയോജനത്താൽ ചോദനകൾ പരിഷ്കരിക്കപ്പെടുന്നു. ജൈവചോദനകളുടെ രൂപംപോലും സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളാൽ മാറ്റിമറിക്കപ്പെടുന്നു. പ്രത്യക്ഷത്തിൽ അയുക്തകമെന്നു തോന്നിക്കുന്ന പെരുമാറ്റ രൂപങ്ങളുടെ നിഗൂഢമായ ഉറവിടം ഏതെന്നു മനസ്സിലാക്കാൻ മനോവിശകലനം സഹായകമാവുമെന്ന് ഫ്രൊം പ്രത്യാശിച്ചു. മതം, ആചാരം, രാഷ്ട്രീയം, വിദ്യാഭ്യാസം തുടങ്ങിയ ജീവിത രംഗങ്ങളിൽ ആളുകൾ പലപ്പോഴും തികച്ചും യുക്തിരഹിതമായ മട്ടിൽ പെരുമാറുന്നതുകാണാം, ഇത്തരം പെരുമാറ്റങ്ങൾക്കു പിന്നിലെ ഗുപ്തമായ കാരണങ്ങൾ കണ്ടെത്താൻ മനോവിശകലനമെന്ന ഉപകരണം സഹായിക്കുമെന്ന് ഫ്രൊം വിചാരിച്ചു.

ചരിത്രപരമായ ഭൗതികവാദത്തിൽ സാമ്പത്തിക ശക്തികളും താല്പര്യങ്ങളുമാണ് പ്രാഥമികം. പക്ഷേ മനോവിശകലനത്തിൽ പ്രഥമ സ്ഥാനം ചോദനാത്മകവും മനഃ ശാസ്ത്രപരവുമായ ശക്തികൾക്കാണ്. മാർക്സിന്റെയും ഫ്രോയിഡിന്റെയും ആശയങ്ങളെ യോജിപ്പിച്ചുകൊണ്ട് വിശകലനാത്മകമായ ഒരു സാമൂഹ്യമനഃശാസ്ത്രം രൂപപ്പെടുത്തിയാൽ, അതുപയോഗിച്ച് സാമൂഹ്യസാമ്പത്തിക ഘടനയ്ക്ക് വ്യക്തിയുടെയും ഗണത്തിന്റെയും ചോദനായന്ത്രത്തെ എങ്ങനെ സ്വാധീനിക്കാൻ കഴിയുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. സാമൂഹ്യഘടന വ്യക്തിയിൽ ചെലുത്തുന്ന സ്വാധീനത്തിൽ കുടുംബമെന്ന ഘടകത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. സമൂഹം അതിൻെറ സവിശേഷമായ മുദ്ര കുട്ടികളിൽ പതിക്കുന്നത് കുടുംബമെന്ന മാധ്യമത്തിലൂടെയാണ്. ഒരു സമൂഹം എങ്ങനെ അതിൻെറ വർഗ്ഗ ഘടനയെ നിലനിർത്തുന്നു എന്നറിയാൻ അതിലെ കുടുംബത്തെ വിശകലനം ചെയ്താൽ മതി. സമൂഹം അതിൻെറ പ്രത്യയശാസ്ത്രങ്ങളെ വ്യക്തികളിലേക്ക് പകരുന്നത് കുടുംബത്തിലൂടെയാണ്.

ബൂർഷ്വാസമൂഹം പ്രധാനപ്പെട്ട ചില സ്വഭാവ മാതൃകകൾ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും അവ സാമൂഹ്യഘടനകളെ എങ്ങനെ പുനരുത്പാദിപ്പിക്കുന്നുവെന്നും ഫ്രൊം നോക്കുന്നുണ്ട്. ഫ്രോയിഡിൻെറ ആശയങ്ങൾ സ്വീകരിച്ചുകൊണ്ട്, ചോദനകളുടെ ഉദാത്തീകരണമാണ് സ്വാഭാവസവിശേഷതകളുടെ ആധാരമെന്ന് അദ്ദേഹം വിശദീകരിക്കുന്നു. സ്വഭാവത്തെക്കുറിച്ചുള്ള പഠനത്തിന് ഫ്രൊം സ്വഭാവശാസ്ത്രം (characterology) എന്നു പറയുന്നു. ബൂർഷ്വാസമൂഹത്തിൽ കടമ, പിശുക്ക്, അച്ചടക്കം, മിതത്വം തുടങ്ങിയവയാണ് പ്രമുഖ സ്വഭാവങ്ങൾ. അതുകൊണ്ട് ആ സമൂഹത്തിൽ സ്നേഹം, ഇന്ദ്രിയസുഖം, ഔദാര്യം, ദയ തുടങ്ങിയ സവിശേഷതകൾക്ക് ഒട്ടും വിലയുണ്ടാവില്ല. ഒരു സംസ്കാരത്തിലെ മിക്ക അംഗങ്ങൾക്കും പൊതുവായുള്ള സ്വഭാവഘടനാകേന്ദ്രത്തെ ഫ്രൊം 'സാമൂഹ്യസ്വഭാവം' എന്നു വിളിക്കുന്നു. എന്നാൽ, ആ സമൂഹത്തിലെ ഭൂരിപക്ഷം അംഗങ്ങൾക്കും ഉള്ള പ്രത്യേകതകളുടെ ആകെത്തുകയല്ല സാമൂഹ്യസ്വഭാവം, സാമൂഹ്യസ്വഭാവത്തെ നിർവ്വചിക്കാൻ അതിൻെറ ധർമ്മം എന്താണെന്നു നോക്കണം. സാമൂഹ്യസ്വഭാവം, മനുഷ്യൻെറ ഊർജ്ജത്തെ രൂപപ്പെടുത്തുകയും വഴിതിരിച്ചുവിടുകയും ചെയ്തുകൊണ്ട് സമൂഹം തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. ഇതാണ് സാമൂഹ്യസ്വഭാവത്തിന്റെ ധർമ്മം. സ്വതന്ത്രരായ മനുഷ്യരുടെ അദ്ധ്വാനശക്തിയെ പൂർവ്വാധികം നിയന്ത്രിച്ചതുകൊണ്ടാണ് ആധുനികവ്യവസായ സമൂഹത്തിന് അതിൻെറ ലക്ഷ്യം നേടാൻ കഴിഞ്ഞതെന്ന് ഫ്രൊം ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ ശക്തി മുഴുവനും തൊഴിലിനായി ഉപയോഗിക്കാൻ തയ്യാറുള്ള വ്യക്തികളായി മനുഷ്യരെ മാറ്റിത്തീർക്കുകയാണ് മുതലാളിത്തം. ഈ മാറ്റം കൊണ്ടാണ് മറ്റു സംസ്കാരങ്ങളിലെ ആളുകളെക്കാൾ കൂടുതൽ ചിട്ടയും അച്ചടക്കവും സമയ നിഷ്ഠയും മുതലാളിത്തത്തിലെ ആളുകൾക്കുണ്ടായത്. മുഴുവൻ സമയവും തൊഴിലിനുവേണ്ടി ഉപയോഗിക്കാൻ ആളുകൾ തീരുമാനിക്കുന്നത് ശിക്ഷകിട്ടുമെന്നു പേടിച്ചിട്ടല്ല. അതവരുടെ വ്യക്തിപരമായ തീരുമാനത്തിന്റെ ഫലവുമല്ല. ജോലിയുടെ ആവശ്യകതയെപ്പറ്റിയുള്ള ബോധം, സമയനിഷ്ഠ, ചിട്ട തുടങ്ങിയവയെല്ലാം വ്യക്തിയുടെ ആന്തരികചോദനയായി മാറുന്നതുകൊണ്ടാണ് മുതലാളിത്ത സമൂഹം സുഗമമായി മുന്നോട്ടു നീങ്ങുന്നത്.

**46.** ഒരു സമൂഹം അതിന്റെ വർഗ്ഗ ഘടനയെ നിലനിർത്തുന്നു എന്നറിയാൻ വിശകലനം ചെയ്യേണ്ടത്

(1) വ്യക്തിയെ
(2) കുടുംബത്തെ
(3) കുട്ടികളെ
(4) അധികാരസ്ഥാപനങ്ങളെ

**47.** ബൂർഷ്വാ സമൂഹത്തിൽ ഒട്ടും വിലയുണ്ടാകാത്തത്

(a) സ്നേഹം
(b) ഔദാര്യം
(c) ദയ
(d) സ്വാതന്ത്ര്യം

(1) (a) മാത്രം ശരി
(2) (a) യും (b) യും മാത്രം ശരി
(3) (d) മാത്രം ശരി
(4) a, b, c എന്നിവ ശരി

**48.** ഫ്രാങ്ക്ഫുർട്ട് ചിന്തകർ മാർക്സിസത്തെയും ഫ്രോയിഡിന്റെ മനോവിശകലനത്തെയും കൂട്ടിയിണക്കാൻ ശ്രമിച്ചതിന്റെ കാരണം.

(1) വ്യക്തിത്വത്തിന്റെ വികാസവഴികളറിയാൻ
(2) കുടുംബബന്ധങ്ങളെക്കുറിച്ചറിയാൻ
(3) വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി മനസ്സിലാക്കാൻ
(4) പരിഷ്കരിക്കപ്പെടുന്ന ചോദനകളെപ്പറ്റി മനസ്സിലാക്കാൻ

**49.** **കാര്യം** : മറ്റു സംസ്കാരങ്ങളിലെ ആളുകളെക്കാൾ കൂടുതൽ ചിട്ടയും അച്ചടക്കവും സമയനിഷ്ഠയും മുതലാളിത്തത്തിലെ ആളുകൾക്കുണ്ടായി.

**കാരണം** :
a. സ്വതന്ത്ര മനുഷ്യരുടെ അദ്ധ്വാന ശക്തിയെ പൂർവ്വാധികം നിയന്ത്രിച്ചു.
b. ഉല്പ്പാദന രീതികൾ കൂടുതൽ സാങ്കേതികമാക്കി.
c. സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തി.

(1) കാര്യം ശരി, കാരണം b മാത്രം ശരി.
(2) കാര്യം ശരി, കാരണം c മാത്രം ശരി.
(3) കാര്യം ശരി, കാരണം a യും b യും ശരി.
(4) കാര്യം ശരി, കാരണം a മാത്രം ശരി.

**50.** ചരിത്രപരമായ ഭൗതികവാദത്തിൽ പ്രഥമ സ്ഥാനം ഏത് ?

(1) സാമ്പത്തിക ശക്തികൾക്കും താല്പര്യങ്ങൾക്കും
(2) ചോദനാത്മകവും മനഃശാസ്ത്രപരമായ ശക്തികൾക്ക്
(3) മനുഷ്യന്റെ സ്വഭാവപരമായ വ്യതിചലനങ്ങൾക്ക്
(4) സവിശേഷമായ ജീവിതാനുഭങ്ങൾക്ക്